**പതിമൂന്നാം കേരളനിയമസഭ**

**പതിനാലാം-സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1417** **02-07-2015- ലെ മറുപടിയ്ക്ക്**

**പ്ലാൻ സ്പെയ്സ് സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ.വാഹിദ്<br>" ഐ.സി.ബാലകൃഷ്ണൻ<br>" ഹൈബി ഈഡൻ<br>" ലൂഡി ലൂയിസ് | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനആസൂത്രണബോർഡിൽ പ്ലാൻ സ്പെയ്സ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി ഓൺലൈനായി നിരീക്ഷിക്കുക എന്നതാണ് ഇതിന്റെ മുഖ്യലക്ഷ്യം. ഇതിനു പുറമേ, വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും അവയുടെ ഭരണാനുമതി സംബന്ധിച്ച വിവരങ്ങൾ, പദ്ധതികളുടെ സാമ്പത്തിക പുരോഗതി, ഭൗതിക നേട്ടങ്ങൾ എന്നിവ നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനവും പ്ലാൻ സ്പേസിൽ ഉണ്ട്. |
| (ബി) വികസന പദ്ധതികളുടെ പുരോഗതി ഓൺലൈനായി വിലയിരുത്തുന്നതിന് പ്രസ്തുത സംവിധാനത്തിൽ എന്തെല്ലാം സൗകര്യങ്ങളാണുള്ളതെന്ന് വിശദമാക്കാമോ; | (ബി) നിർവ്വഹണ ഏജൻസികൾക്ക് വിവിധ വികസന പദ്ധതികളുടെ സാമ്പത്തികവും ഭൗതികവുമായ പുരോഗതി സംബന്ധിച്ച വിവരങ്ങൾ സമയാസമയങ്ങളിൽ ഓൺലൈനായി രേഖപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനും, വിവിധ വകുപ്പ് സെക്രട്ടറിമാർ,വകുപ്പ്മേധാവികൾ എന്നിവർക്ക് പദ്ധതി നിർവ്വഹണ പുരോഗതി നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും പ്ലാൻ സ്പേസിൽ സൗകര്യം ഉണ്ട്. |

| | |
|---|---|
| (സി) ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രസ്തുത സംവിധാനം ഒരുക്കാനായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) സംസ്ഥാന സർക്കാർ സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരളം (IIITK) എന്ന സ്ഥാപമാണ് പ്ലാൻ സ്പെയ്സ് ഒരുക്കാനായി വേണ്ട സാങ്കേതിക സഹായം നൽകുന്നത്. കൂടാതെ പദ്ധതി നിർവ്വഹണം നടത്തുന്ന എല്ലാ വകുപ്പ് മേധാവികളും നിർവ്വഹണ ഏജൻസികളും പ്ലാൻ വിവരങ്ങൾ നൽകുന്നതിന് സഹകരിക്കുന്നു. |

സെക്ഷൻ ഓഫീസർ